# എൻ.എസ്.എസ് എച്ച്.എസ്.എസ് കുന്നന്താനം

## കുന്നന്താനം പി.ഒ, മല്ലപ്പള്ളി, പത്തനംതിട്ട




### ഓരോ കുട്ടിയും മികവിലേക്ക്

# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

2025 – 26

## ആമുഖം

പൊതു വിദ്യാലയങ്ങൾ — മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി, നമ്മുടെ പൊതുവിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്കനുസരിച്ചും പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ചും കുട്ടികളുടെ ബൗദ്ധിക, മാനസിക വളർച്ചയ് ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരുന്നത്.

പൊതു വിദ്യാഭ്യാസത്തെ മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർപ്ലാനിന്റെ പ്രധാനം ലക്ഷ്യം. എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടിയാവുമെന്നുറപ്പാണ്.

എല്ലാ ശൈക്ഷണിക പദ്ധതികളേയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന എൻ.എസ്.എസ് എച്ച്.എസ്.എസ് കുന്നന്താനം, സജീവമായ പി.ടി.എ, അധ്യാപക സംഘം, രക്ഷിതാക്കൾ, പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢ പ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക മാസ്റ്റർപ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു.

പി.ടി.എ പ്രസിഡന്റ്

ഹെഡ്മിസ്ട്രസ്സ്

## എൻ.എസ്.എസ്. എച്ച്.എസ്.എസ് കുന്നന്താനം

ഐതീഹ്യ പെരുമകൾ കൊണ്ട് കേളി കേട്ട പത്തനംതിട്ട ജില്ലയിൽ, പാണ്ഡവൻമാർ വനവാസകാലത്ത് ഇവിടെ ജീവിച്ചിരുന്നു എന്നതിനു തെളിവുനൽകുന്ന ഉമിക്കുന്നു മലക്കും പാണ്ഡവൻപാറക്കും ഇടയിലായി ചെറുകുന്നുകളും താഴ്വാരങ്ങളും നിറഞ്ഞ ഐശ്വര്യ സമ്പൂർണ്ണമായ ഗ്രാമമാണ് കുന്നന്താനം . ഈ ഗ്രാമത്തിന്റെ കേന്ദ്രഭാഗത്തായി മഠത്തിൽകാവിലമ്മയുടെ അനുഗ്രഹവർഷം കൊണ്ട് ഉജ്ജ്വലതേജസ്സോടെ വിരാജിക്കുകയാണ് മഹത്തായ നായർ സർവ്വീസ് സൊസൈറ്റിയുടെ വിദ്യാഭ്യാസ ശൃംഖലയിൽ പ്പെട്ട കുന്നന്താനം എൻ എസ് എസ് ഹയർസെക്കൻററി സ്കൂൾ. 23-05-1921 ൽ ആണ്കുന്നന്താനം സ്കൂൾ സ്ഥാപിതമായത് . 23-05-1921 ൽ തിരുവല്ല കോടതിയിൽ വക്കീലായിരുന്ന മല്ലപ്പള്ളി മുരണി ശ്രീ ഗോവിന്ദപ്പിള്ളയും കുന്നന്താനത്തെ നാട്ടുപ്രമാണിയും ഭുവുടമയും ആയിരുന്ന ശ്രീ കൊണ്ടൂർ കടുത്താനം കൃഷ്ണൻനായരും ചേർന്നാണ് സ്കൂളിന് ബീജാവാപം ചെയ്തത്. ശ്രീ കൃഷ്ണൻനായർ വിദ്യാലയത്തിനു വേണ്ടി രണ്ടര ഏക്കർസ്ഥലം സൗജന്യമായി നൽകി .12 കുട്ടികൾ മാത്രമായിട്ടാണ് ഈ സ്കൂൾ ആരംഭിച്ചത്.ആദ്യത്തെ ഹെഡ് മാസ്റ്റർ ശ്രീ കാട്ടൂർ രാഘവപ്പണിക്കരായിരുന്നു. ശ്രീ. പി. ജി ശങ്കരനാരായണപിള്ളയാണ്ഈ സ്കൂൾ എൻ.എസ്.എസ് മാനേജ്മെന്റിന് വിട്ടുകൊടുത്തത്. 1972 ൽ ഓഡിറ്റോറിയം പണികഴിപ്പിച്ചു. 04-06-1948 ൽ ഹൈസ്കൂളായി ഉയർന്നു. 1998 ൽ ഇത് ഹയർസെക്കൻററിസ്കൂളായി ഉയർന്നു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എൻ.എസ്.എസ് എച്ച്.എസ്.എസ് കുന്നന്താനം |
| മേൽവിലാസം | : | കുന്നന്താനം പി.ഒ, മല്ലപ്പള്ളി, പത്തനംതിട്ട |
| ഫോൺ | : | 9495395806 |
| സ്കൂൾ കോഡ് | : | 37025 |
| വിദ്യാഭ്യാസ ഉപജില്ല | : | മല്ലപ്പള്ളി |
| വിദ്യാഭ്യാസ ജില്ല | : | തിരുവല്ല |
| റവന്യുജില്ല | : | പത്തനംതിട്ട |
| ബി.ആര്.സി | : | മല്ലപ്പള്ളി |
| സി.ആര്.സി | : | മല്ലപ്പള്ളി |
| ഗ്രാമപഞ്ചായത്ത് | : | കുന്നന്താനം |
| ബ്ലോക്ക് പഞ്ചായത്ത് | : | മല്ലപ്പള്ളി |
| ജില്ലാപഞ്ചായത്ത് | : | പത്തനംതിട്ട |
| നിയമസഭ മണ്ഡലം | : | തിരുവല്ല |
| ലോകസഭ മണ്ഡലം | : | പത്തനംതിട്ട |
| താലൂക്ക് | : | മല്ലപ്പള്ളി |
| വില്ലേജ് | : | കുന്നന്താനം |
| ഇമെയില് വിലാസം | : | nsshsskunnamthanam@gmail.com |
| സ്കൂള്വിക്കി | : | 37025-എന്.എസ്.എസ് എച്ച്.എസ്.എസ് കുന്നന്താനം |

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നീ ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

3. 'ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. വായന ഒരു സംസ്കാരമായി വളർത്താൻ വേണ്ട പ്രവർത്തനങ്ങളൊരുക്കും.

5. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ കൂടി ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.

6. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ ആധുനികവത്കരിക്കും.

7. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ./കോർണർ പി.ടി.എ.കൾ ചേരും

8. 'വിദ്യാലയം ഒരു പാഠപുസ്തകം' എന്ന ആശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.

9. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥി സമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.

11. മാലിന്യ മുക്ത വിദ്യാലയം. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

12. കൃഷി, ഔഷധത്തോട്ടം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

13. വിദ്യാലയം ഹൈടെക്ക് ആക്കി മാറ്റുക.

14. പോക്സോ സംബന്ധമായ ബോധവൽക്കരണം.

15. രാസലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്ക് എതിരെയുള്ള മുൻകരുതലുകൾ.

16. റെഡ്ക്രോസ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സ്കൂൾ ഹരിതവൽക്കരണത്തിന്റെ ഭാഗമായി പേപ്പർ ബാഗ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തും

17. ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ നേതൃത്വത്തിൽ പുതിയ പാഠപുസ്തകങ്ങളിലെ പഠനപ്രവർത്തനങ്ങൾ ഡിജിറ്റൽ വൽക്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും.

18. സ്കൂളിൽ നിലനിൽക്കുന്ന വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ ട്രാഫിക് നിയമ പരിജ്ഞാനം, പരിസര വ്യക്തിശുചിത്വം, ആരോഗ്യ വ്യായാമം, ഊർജ്ജ സംരക്ഷണം, പ്ലാസ്റ്റിക് നിർമ്മാർജ്ജനം, പൊതുമുതൽ സംരക്ഷണം, തുടങ്ങിയ വിവിധതരം പ്രവർത്തനങ്ങൾ നടപ്പാക്കും.

19. കൗമാര സൗഹൃദ ക്യാംപസ് നടപ്പിലാക്കും.

20. സ്കൂൾ പാലമെന്റ് ഇലക്ഷൻ പൊതു തിരഞ്ഞെടുപ്പ് മാതൃകയിൽ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ പൂർണ്ണമായും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടപ്പാക്കും.

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കുക<br>8. ചിത്രം അടിക്കുറിപ്പ്<br>9. ചിത്രം - കഥ എഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ഒ.എ. അധ്യാപകർ |
| 2) കുട്ടിയെ മികച്ച വായനക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം സംഘടിപ്പിക്കൽ<br>5. പത്രവായന<br>6. പുസ്തക ചർച്ച<br>7. വായനാനുഭവം<br>8. വായനാക്കുറിപ്പ് പതിപ്പ്<br>9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>10. ദിനാചരണം<br>11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>12. ആനുകാലിക പ്രസിദ്ധീകരണങ്ങൾ-വായന<br>13. അനുഭവക്കുറിപ്പ് [illegible]<br>14. ഇ - വായന | 6 മാസം | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്<br>മാസികകൾ. | പി.ടി.എ.<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, പതിപ്പ്<br>4. വിവിധ സാഹിത്യ ശാഖകൾ പരിചയപ്പെടൽ<br>5. ചുമർ പത്രിക, പതിപ്പ് തയ്യാറാക്കൽ.<br>6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. ഭാഷ ക്ലബ്ബ്<br>9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം<br>10. സാഹിത്യ-സാംസ്കാരിക ചിത്ര ഗാലറി | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ ഫോട്ടോകൾ പുസ്തകങ്ങൾ | പി.ടി.എ. അധ്യാപകർ |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലനക്കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കൽ<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കൽ<br>4. പ്രസംഗം അവതരിപ്പിക്കാനുള്ള വേദികൾ സജ്ജമാക്കുക. | 6 മാസം | ഓഡിയോ വീഡിയോ | ട്രെയിനർ അധ്യാപകർ. |

# Academic Master Plan (English) 2025-26

| | Aim | Activities | Month | In charge. | Economic Source |
|---|---|---|---|---|---|
| 1. | To encourage listening, speaking and communicate with others in English. | self introduction, conversation, story telling, Spoken English, English Assembly, English Cover story. | June July August | English teachers, English club. | |
| 2. | To enable the learners for free reading and writing. | Word card, Parts of Speech cards, news reading, Reading competitions | [illegible] (July, August, September) | English teachers English Club, SRG | |

| | Aim | Activities | Month | In Charge | Economic Source |
|---|---|---|---|---|---|
| 3. | Poetry writing and Poetry recitation | Facilitating opportunities for listening audio in English. Conducting poetry writing and poetry recitation Competitions Writing Appreciation. | October, November | Club activities Once in a month. English teachers. | |
| 4. | Using ICT For English learning. | (School Magazine, English.) ICT ( ) | Once in an academic year. | English teachers and SRG | |
| 5. | Introduce Vocabulary through reading, and writing. | practice excercises parts of Speech (For up Students) | December | English teachers. | |

# Academic master plan
## 2025 - 26

HINDI NSS HSS Kumarothanam

| उद्देश्य | गतिविधियाँ | समय अवधि | कक्षा | काम |
|---|---|---|---|---|
| सभी बच्चों को हिन्दी भाषा में पढने, लिखने बोलने और धाराप्रवाह, संवाद करने की क्षमता को बढाना। | 1. बच्चों का स्तर निर्धारित करने केलिए पूर्व परीक्षण आयोजित किया जाता है। | जून पहला हफ्ता | 5,6,7 | हिन्दी शिक्षक |
| | 2. प्रतिदिन कक्षा में हिन्दी पढाई जाएँ हिन्दी में शब्दावली के शब्दों का अभ्यास करें | प्रतिदिन | 5,6,7 | हिन्दी शिक्षक |
| CWSN, slow learners से सीखनेवालों बच्चों केलिए अतिरिक्त सहायता सुनिश्चित करना। | 3. हिन्दी में संख्याओं दिनों, सप्ताह, महीनों की दैनिक प्रस्तुति | | | |
| | 4) CWSN बच्चों केलिए विशेष पहेलियाँ | हफ्ते में एक दिन | 5,6,7 8,9 | हिन्दी शिक्षक |

| | | | | | |
|---|---|---|---|---|---|
| | हिन्दी भाषा सीखने के माध्यम से | 11 हिन्दी को पर्यावरण से जुड़ने का अवसर दीजिए। | जून से जनवरी तक | 5,6,7 8,9,10 | हिन्दी शिक्षक |
| | बच्चों में भाषा प्रेम और देशभक्ति | 12 बच्चों को हिन्दी फिल्मों देखने का अवसर दें | जून से फरवरी तक | 5,6,7 8,9,10 | हिन्दी शिक्षक |
| | का विकास करें। | 13 हिन्दी समाचार देखने का मौका दें। | प्रतिदिन | 5,6,7 8,9,10 | हिन्दी शिक्षक |
| | सुनिश्चित करें कि बच्चे प्रत्येक इकाई के लिए अपेक्षित शिक्षण परिणाम प्राप्त करें। | 14 बच्चों को भाषा से जुड़ने में मदद करने और AI का उपयोग करके भाषा सीखने को आसान बनाने के लिए गतिविधि देकर साथ ही उन्हें मानसिक रूप से मनोरंजन भी प्रदान करते हैं | हफ्ते में एक दिन | 7,8,9,10 | हिन्दी शिक्षक |

| | | | | | |
|---|---|---|---|---|---|
| | | ICT के माध्यम से संचालित कई रंगों में आकर्षक वर्णमाला का प्रस्तुति। | हफ्ते में एक दिन | | |
| | | 5 हिन्दी में डायरी जीवनी, आत्मकथाएँ उपन्यास, कहानियाँ कवितायें, पोस्टर आदि लिखें। | हफ्ते में एक दिन | 7,8,9 10 | हिन्दी शिक्षक |
| | | 6 हिन्दी में छोटे छोटे भाषण का अभ्यास करें। | दिनाचरणों से सम्बन्धित | 8,9,10 | हिन्दी शिक्षक |
| | | 7 सभा का संचालन हिन्दी में करें। | | | |
| | | 8 बच्चों को हिन्दी समाचार पत्र पढ़ने को कहें। | प्रतिदिन | 7,8,9,10 | |
| | | 9 पाठभाग से सम्बन्धित ऑडियो सुनें। | हफ्ते में एक दिन | 5,6,7,8 | हिन्दी शिक्षक |
| | | 10 हिन्दी में बातचीत को प्रोत्साहित करें | हफ्ते में एक दिन | 8,9,10 | हिन्दी शिक्षक |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ... വിശക... |
|---|---|---|---|---|
| രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| വിവർത്തകർ, വാർത്താ വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായി ഉള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | [illegible] പി ടി |

U.P. संस्कृतम् 2025-26

| लक्ष्यम् | प्रवर्तनानि | कालः | दायित्वम् | स्थानव्ययः | विशे |
|---|---|---|---|---|---|
| संस्कृतसम्भाषणम् | २०-२५ प्रवेशनोत्सवेन शुभारम्भः अभवत् । अध्ययनस्य प्रारम्भः इति कारणेन सर्वे सन्तोषेण रक्षाकर्तृभिः साकं समागताः | अध्ययनवर्षे..... जून - जुलै | संस्कृत-अध्यापिका जून जुलै | विद्यालयात् | |
| परस्परपरिचायनम् | भवतः नाम किम्? भवत्याः नाम किम्? सर्व कक्षाणां परिचायनम् कृतम् किम् कुत्र कति कथं कुतः कदा किमर्थम् | अगस्त् सप्टम्बर | अध्यापिका | रक्षाकर्तारः | |
| सुभाषितपठनम् | पूर्वपाठेन सुभाषितानाम् पुनरावलोकनाय प्रयत्नः करणीयः | ओक्टोबर नवम्बर | संस्कृत-अध्यापिका | विद्यालयः भव | |
| | पूर्वपाठितसुभाषितं वाचयित्वा एकं गीतं आलपामि । | ओक्टोबर नवम्बर | अध्यापिका | विद्यालयात् | |

| | | | | |
|---|---|---|---|---|
| सम्भाषणशिबिरम् | आज्ञानुसारं चित्रयोजनम् उचितवर्णलेपनम् कमलादीनां पक्षिमृगादीनां नामलेखनम् नूतनपदानां अर्थलेखनम् चित्रपदकोषनिर्माणम् च । | अध्ययनवर्षे दिसम्बर-जनुवरी | संस्कृत अध्यापिका २ छात्राः | विद्यालयात् |
| साहित्यपरिचायनम् | पद्योचित-योजनम् वाटिका पूरणम् कवितासमाहारमाध्यमेन चर्चा । | फब्रवरी-मार्च | संस्कृत अध्यापिका | विद्यालयात् |
| सम्पूर्णतया संस्कृतेनैव सम्भाषणम् | सर्वे छात्राः मिलित्वा नाटकं उपविश्य घण्टा द्वयम् सम्भाषणं चालयित्वा चालयित्वा बहुसमयेन संस्कृतेन सम्भाषणं कुर्वन्ति | मार्च | संस्कृत-अध्यापिका २ छात्राः तथा सहाध्यापिकाः च। | विद्यालयात् |

# മേഖല . ഗണിതം അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികവിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു. | ഗണിതശില്പശാല: കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർകാർഡ് ഉപയോഗിക്കുക, മുത്തുകൾ, ഫ്ലാഷ്കാർഡ് ---ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകൻ. | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കാ- ചലന ശേഷികളുടെ വികാസവും | ഒറിഗാമി ശില്പശാല: ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ കണ്ടെത്തൽ / പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3. ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വച്ച് ഗണിതക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ക്ലബിലെ അംഗങ്ങളും | |
| 4. ഗണിതം [illegible] | ഗണിതചാർട്ട്: ജ്യാമിതീയരൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ ചാർട്ട് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ് | ഗണിതക്ലബ് പി.ടി.എ |

| | | | | |
|---|---|---|---|---|
| 5. ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യം വർധിപ്പിക്കൽ | ഗണിതഗോത്രം: ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താല്പര്യം ഉണ്ടാകുന്ന രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ. | ഗണിതഅധ്യാപകർ, ക്ലബ് ലീഡർമാർ | പി.ടി.എ |
| 6. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.സി.ടി. സാധ്യതകളിലൂടെ: ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ ജിയോജിബ്ര ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ഐ.സി.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലാക്കുന്നു. | ഗണിത ക്ലിനിക്: ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 8. വിവിധ ശേഷികളുടെ വികാസം | ദിനാചരണം: ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRGയിൽ രൂപപ്പെടുത്തി നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# Accademic Master Plan - HS & UP
## [Science]

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി എന്നിങ്ങനെ രണ്ടു തലത്തിൽ പരിശീലനം | ആഴ്ച്ചയിൽ 2 ദിവസം | SRG Science Teachers. | |
| 2. ശാസ്ത്രമാസിക ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, കവിതകൾ, ലേഖനങ്ങൾ, തുടങ്ങിയവ പ്രയോജനപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിൽ ഒരിക്കൽ | SRG Science Teachers | |
| 3. Workshop LED ബൾബ് നിർമ്മാണം | LED ബൾബുകളുടെ മേന്മകൾ പറഞ്ഞു കൊണ്ട് LED Bulb നിർമ്മിക്കുവാൻ പഠിപ്പിക്കുന്നു. Hands own experience കുട്ടികൾക്ക് ലഭിക്കുന്നു. | വൈദ്യുത പ്രവാഹം പഠിപ്പിക്കുന്ന സമയത്ത്. | SRG Science Teachers മറ്റ് അധ്യാപകർ | 6000/- |
| 4. ചോദ്യപേപ്പർ ശില്പശാല. സംഘടിപ്പിക്കൽ, സമഗ്രയിൽ | തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല | | | |

| | | | | |
|---|---|---|---|---|
| ചേർക്കൽ | സംഘടിപ്പിച്ച് ചോദ്യശേഖരം തയ്യാറാക്കൽ - ചോദ്യപേപ്പർ സമഗ്രയിൽ Upload ചെയ്യൽ | 3 മാസം | SRG Science Teachers | 1000/- |
| മോഡൽ നിർമ്മാണം ശിൽപശാല | Physics, Biology വിഷയങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG Science Teachers | |
| | **ഉപമേഖല: ശാസ്ത്രം** | | | |
| 1. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കളരി- പരീക്ഷണങ്ങൾ പൊതു സമൂഹത്തിനു മുമ്പിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | Science Club | |
| | 2. സ്കൂൾതല Science Exhibition | വർഷത്തിൽ 1 തവണ | Science Club | |
| | 3. ഗവേഷണാത്മക പ്രോജക്ട് ഏറ്റെടുത്തുള്ള പഠനം by സർവ്വെ, അഭിമുഖം, നിരീക്ഷണം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | Science Club | |
| 2. ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | വർഷത്തിൽ ശാസ്ത്രമേളയോട് അടുത്തു വരുന്ന സമയങ്ങളിൽ | Science Club | |

| | | | | |
|---|---|---|---|---|
| 3. Science Lab നവീകരണം<br>ശാസ്ത്രലാബിനെ കാലാനുസൃതമായി നവീകരിക്കൽ | Physics, Chemistry, Biology വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | January-February മാസങ്ങളിൽ | Science Teachers | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025-26

## സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. or Virtual Field Trip ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| വിവരവിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവന്മാരാക്കുക. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടേയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റം എന്നിവ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ് ഹോം പാർലമെന്റ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രപരമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ ദിനാചരണങ്ങൾ പ്രശ്നോത്തരി സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ഭൂപടവായന കുട്ടികളിൽ വളർത്തുക സ്ഥലനിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് വായനകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുക. | വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |